**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1380** **28-07-2021 - ൽ മറുപടിയ്ക്ക്**

**നൂറു ദിന കർമ്മ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. പ്രേംകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തെരഞ്ഞെടുപ്പുകാലത്തു നൽകിയ വാഗ്ദാനങ്ങൾ സമയബന്ധിതമായി നിറവേറ്റുന്നതിന്റെ ആദ്യ പടിയായി സർക്കാർ പ്രഖ്യാപിച്ച നൂറു ദിന കർമ്മ പരിപാടിയുടെ വിശദാംശം അറിയിക്കാമോ; | (എ) | 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയാണ് 100 ദിന കർമ്മ പരിപാടി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കർമ്മപരിപാടിയിലൂടെ 30 വകുപ്പുകൾ വഴി 141 പദ്ധതികളാണ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത കർമ്മ പരിപാടിയിൽ അതിദാരിദ്ര്യ ലഘൂകരണത്തിനുള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | അതിദാരിദ്ര്യ ലഘൂകരണപദ്ധതി 100 ദിന കർമ്മപരിപാടിയുടെ ഭാഗമല്ല. |
| (സി) | കഴിഞ്ഞ സർക്കാർ കാര്യക്ഷമമായി നടപ്പാക്കിയിരുന്ന വിവിധ വികസന മിഷനുകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (സി) | ഉണ്ട്. 2016-21 കാലയളവിൽ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി 4 മിഷനുകളുടെ പ്രവർത്തനം ആരംഭിച്ചു. ഇവ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയാണ്. 2018 ഓഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിനു ശേഷം റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പ്രവർത്തനം ആരംഭിച്ചു. ഓരോ മിഷനും ആർ. കെ. ഐ യും പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രവർത്തിച്ചു വന്നത്. ഇവ എടുത്തു പറയത്തക്ക പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ നവകേരളം കർമ്മ പദ്ധതി II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് അതിനു കീഴിൽ മേൽപ്പറഞ്ഞ നാലു മിഷനുകളുടെയും ആർ. കെ. ഐ. യുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്. |
| (ഡി) | വിവിധ പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഡി) | വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മുൻ സർക്കാറിന്റെ കാലത്ത് താഴെ പറയുന്ന ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്. * മുഖ്യമന്ത്രിയുടെ ത്രൈമാസ പദ്ധതി ചെലവ് |

അവലോകന കമ്മിറ്റി യോഗങ്ങളിൽ വൻകിട പദ്ധതികൾ ഉൾപ്പടെ അവലോകനം നടത്തുകയും ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. * മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടേയും യോഗം ചേർന്ന് പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ കർമ്മ പരിപാടികൾ രൂപീകരിക്കുകയും online realtime monitoring system ഇതിനു വേണ്ടി വികസിപ്പിച്ചെടുക്കുകയും ചെയ്തു. പ്രസ്തുത പോർട്ടൽ (www.cmopcmg.kerala.gov.in) വഴി വൻകിട പദ്ധതികൾ ഉൾപ്പടെ എല്ലാ പ്രധാന പദ്ധതികളും നിരീക്ഷിക്കുന്നതിനും സമയാ സമയങ്ങളിൽ ബന്ധപ്പെട്ടവർക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ഉപയുക്തമാക്കി. പ്രസ്തുത പോർട്ടൽ വഴി നിരീക്ഷിക്കുന്നതിന് സെക്രട്ടറി മാർ കൂടാതെ ഭരണ വകുപ്പിൽ നിന്ന് നോഡൽ ഓഫീസറിനേയും ലിങ്ക് നോഡൽ ഓഫീസറിനേയും നിയോഗിക്കുകയുണ്ടായി. കൂടാതെ, നിർവ്വഹണ വകുപ്പ്/ഏജൻസി എന്നിവയിൽ നിന്ന് പോർട്ടൽ സമയാ സമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിന് നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. * ചീഫ് സെക്രട്ടറി തലത്തിൽ ഇടപെടലുകൾ ആവശ്യമായ പദ്ധതികൾ പ്രത്യേകമായി അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. മുൻഗണനാ അടിസ്ഥാനത്തിൽ തെരഞ്ഞെടു ക്കപ്പെട്ട പദ്ധതികളുടെ പ്രത്യേക അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ മുഖ്യമന്ത്രി ബന്ധപ്പെട്ട സെക്രട്ടറിമാരുടെ യോഗം വിളിച്ചു ചേർത്ത് അവലോകനം ചെയ്തിരുന്നു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ PMG (Prime Minister’s Monitoring Group) പോർട്ടൽ വഴി പ്രധാനപ്പെട്ട പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ നിരീക്ഷണത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയും വിവിധ വകുപ്പ് സെക്രട്ടറിമാരും ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബൃഹദ് പദ്ധതികൾ അടക്കം സംസ്ഥാനത്ത് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിനും യഥാസമയം ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരേയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിലവിൽ നിർവ്വഹിച്ചു പോരുന്ന

| | | | |
|---|---|---|---|
| | | | ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ സ്വതന്ത്രവകുപ്പായി രൂപീകരിച്ചുകൊണ്ട് സ.ഉ. (കൈ) നം. 105/2021/പൊ.ഭ.വ. തീയതി 21.05.2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ